**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3729** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര വികസന ഓഫീസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സീനിയർ ക്ഷീര വികസന ഓഫീസർക്ക് തത്തുല്യമായ ഇന്റർ ചേഞ്ചബിൾ തസ്തികകൾ വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് . ധനകാര്യ വകുപ്പിന്റെ 2011 ഫെബ്രുവരി 26 ലെ സ.ഉ.(പി) 85/2011/ധന നമ്പർ ഉത്തരവ് പ്രകാരവും 2016 ലെ സ.ഉ.(പി) 7/2016/ധന നമ്പർ ഉത്തരവ് പ്രകാരവും സീനിയർ ക്ഷീരവികസന ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ ഇന്റർ ചെയ്ഞ്ചബിൾ ആണ്. |
| (ബി) | ക്ഷീര വികസന ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടോ; | (ബി) | അർഹതയില്ല. |
| (സി) | ഏതൊക്കെ തസ്തികകളാണ് സീനിയർ ക്ഷീര വികസന ഓഫീസർ തസ്തികകൾ ആയി നോട്ടിഫൈ ചെയ്തിരിക്കുന്നത്; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പ്രത്യേകം തസ്തികകൾ ഒന്നും നോട്ടിഫൈ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലില്ല. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21.04.2016 ലെ ഇ.എസ്.1/12876/2014 ഉത്തരവ് പ്രകാരം 26 ക്ഷീരവികസന ഓഫീസർമാരുടെ തസ്തികകളെ സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളാക്കി ഉയർത്തി ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ